# പ്രപഞ്ച ശാസ്ത്രവും ദർശനവും

# ALSO BY GEORGE LUKE

1. Saptalokadarshanam Samgraham (Malayalam)
2. Jeevanum Parinamavum – System Philosophiyude Velicham (Malayalam)
3. Origin of Universe : The Light of System Philosophy
4. Origin of Universe : The Light of System Philosophy (EBOOK)
5. Life and Mind : The Light of System Philosophy
6. Life and Mind : The Light of System Philosophy (EBOOK)
7. Discovery of Reality : The Light of System Philosophy
8. Discovery of Reality : The Light of System Philosophy (EBOOK)

## സമർപ്പണം

എന്റെ മാതാപിതാക്കൾക്കും
അദ്ധ്യാപനത്തിന്റെ മഹത്വം അറിഞ്ഞ
എല്ലാ ചിന്തകർക്കും ഈ ഗ്രന്ഥം
ഞാൻ സമർപ്പിക്കുന്നു

# പ്രപഞ്ച ശാസ്ത്രവും ദർശനവും

========

ശാസ്ത്രവും  മതവിശ്വാസവും
സമന്വയിപ്പിക്കുന്ന   സിസ്റ്റം ഫിലോസഫി

========

## ജോർജ് ലൂക്ക്

**EMBLEM**

**PGL BOOKS & VIDEOS**

# PRAPANCHA SHASTHRAVUM DARSHANAVUM

(Malayalam Language)

SCIENCE AND PHILOSOPHY ABOUT THE UNIVERSE

**Author** : **George Luke (*Official name* P.G. Luke)**

Copyright reserved by author
© George Luke (Official name P.G. Luke) 2022

**Published by** : P.G. Luke for PGL Books & Videos in June 2022

ISBN: 978-81-956223-7-5

***Address of publisher :***
P.G. Luke,
PGL Books & Videos,
Puthankulam building, Cherukara Kunnu,
Changanacherry, Kerala – 686101.

No part of this publication may be reproduced, stored in a retrieval system, translated to other languages or transmitted, in any form or by any means, electronic, mechanical, photocopying, recording or otherwise, without the prior written permission of the Author. Exceptions are allowed in respect of brief quotations embodied in critical articles and reviews.

***Distributed by* :**
PGL Books & Videos,
Puthankulam building, Cherukara Kunnu,
Changanacherry, Kerala – 686101.

Phone: 70125 39736, 99611 94502.

Email: pglbooks22@gmail.com;

Website: www.PGLBOOKS.com






# ജോർജ് ലൂക്ക്

തൊടുപുഴ താലൂക്കിലെ കോടിക്കുളം വില്ലേജിൽപെട്ട പുത്തന്കു ളം കുടുംബത്തിൽ അദ്ധ്യാപകനായിരുന്ന പി. എൽ. ജോർജിന്റെയും ഏലിക്കുട്ടിയുടെയും മൂത്ത മകനായി 1953 ജൂൺ 3 ന് ജനിച്ചു . സ്കൂൾ വിദ്യാഭ്യാസം നെയ്യശ്ശേരി (1958-62) , കോടിക്കുളം (1962-68) എന്നിവിടങ്ങളിൽ. ഉപരി വിദ്യാഭ്യാസം തൊടുപുഴ ന്യൂമാൻ കോളെജ് (1968-73), കാര്യവട്ടം യൂണിവേഴ്സിടി സെന്ടറിലെ സ്റ്റാറ്റിസ്റ്റിക്സ് ഡിപാർട്ട്മെന്റ് (1973-76) എന്നീ സ്ഥാപങ്ങളിൽ. എസ്എസ്എൽസി പരീക്ഷയിൽ മെറിറ്റ് സ്കോളർഷിപ്പും ബി.എസ്.സിക്ക് (മാത്തമാറ്റിക്സ് മെയിൻ) കേരള യൂണിവേഴ്സിടിയിൽ രണ്ടാം റാങ്കും എം. എസ്.സിക്ക് (സ്റ്റാറ്റിസ്റ്റിക്സ്) ഒന്നാം റാങ്കും എം.ഫിൽ ന് എ ഗ്രേഡും നേടിയിട്ടുണ്ട്.

ഇരുപത്തഞ്ചുവർഷത്ത ഔദ്യോഗികജിവിതം ഭാരതീയ റിസേർവ് ബാങ്കിന്റെ മുംബൈ ഓഫീസിലും നാഷണൽ ബാങ്ക് ഫോർ അഗ്രികൾച്ചർ ആൻഡ് റുറൽ ഡെവലപ്പ് മെന്ടിന്റെ (NABARD) മുംബൈ, തിരുവനന്തപുരം, പൂന എന്നിവിടങ്ങളിലെ കാര്യാലയങ്ങളിലും ആയിരുന്നു . 2001 സെപ്റ്റംബർ 29 ന് നാബാർഡിൽ നിന്ന് സ്വയം വിരമിച്ചു . തുടർന്ന് സിസ്റ്റം ഫിലോസഫി ആവിഷ്കരിക്കാനും പ്രചരിപ്പിക്കാനുമുള്ള ഗവേഷണ പ്രവർത്തനങ്ങൾ നടത്തുകയാണ് .ഇതുവരെ പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങൾ : സപ്തലോക ദർശനം -സംഗ്രഹം (2004) , ജീവനും പരിണാമവും (2015) , Origin of Universe (2018), Life and Mind (2018), Discovery of Reality (2019) എന്നിവ.

ഭാര്യ : അന്നമ്മ (മോളി). മകൾ : ജോവാന; മകൻ : സഗുൺ.

വിലാസം : പുത്തന്കുളം ഹൌസ്, ചെറുകരകുന്ന് , ചങ്ങനാശ്ശേരി, കോട്ടയം ജില്ല – 686101

*ഉള്ളടക്കം*

## ആമുഖം

### അദ്ധ്യായം 1 : കോസ്മോളജി - പ്രധാന തത്വങ്ങൾ

ഭാഗം 1 : ബിഗ് ബാങ്ങ് തിയറി
ഭാഗം 2 : ക്വാണ്ടം കോസ്മോളജി – ഘട്ടങ്ങൾ

### അദ്ധ്യായം 2 : അറിവിന്റെ സവിശേഷതകൾ

ഭാഗം 3 : അറിവ് എന്താണ് ?
ഭാഗം 4 : അഞ്ചു ജ്ഞാനഘട്ടങ്ങൾ
ഭാഗം 5 : നിഗമനത്തിന്റെ ഭാഗങ്ങൾ
ഭാഗം 6 : അനുമാനം – ശാസ്ത്രനിയമം
ഭാഗം 7 : അറിവിന്റെ ജൈവിക ഘടന ,

### അദ്ധ്യായം 3 : ഫിലോസഫി -- ദർശനം

ഭാഗം 8 : ഫിലോസഫിയുടെ ഭൂമിക
ഭാഗം 9 : ജ്ഞാന സിദ്ധാന്തം
ഭാഗം 10 : നാല് ലോക വീക്ഷണങ്ങൾ
ഭാഗം 11 : സത്താ വിജ്ഞാനം
ഭാഗം 12 : പ്രസ്ഥാവനകളുടെ വർഗീകരണം

### അദ്ധ്യായം 4 : ക്ലാസിക്കൽ ശാസ്ത്രദർശനം

ഭാഗം 13 : ക്ലാസിക്കൽ ശാസ്ത്രത്തിന്റെ സുവർണ കാലം
ഭാഗം 14 : ക്ലാസിക്കൽ ശാസ്ത്ര ജ്ഞാനസിധാന്തം
ഭാഗം 15 : ഇമ്മാനുവേൽ കാന്ത് ദർശനം

### അദ്ധ്യായം 5 : ആപേക്ഷികതാ സിദ്ധാന്തം

ഭാഗം 16 : പുതുയുഗത്തിലേക്ക് – ആധുനിക ശാസ്ത്രം
ഭാഗം 17 :സവിശേഷ ആപേക്ഷികതാ സിദ്ധാന്തം

ഭാഗം 18 : പൊതു ആപേക്ഷികതാ സിദ്ധാന്തം

**അദ്ധ്യായം 6 : ക്വാണ്ടം മെക്കാനിക്സ് – ദർശനം**

ഭാഗം 19 : ക്വാണ്ടം മെക്കാനിക്സ്

ഭാഗം 20 : ക്വാണ്ടം മെക്കാനിക്സിന്റെ രീതിശാസ്ത്രം, മനസ് ദർശനം

ഭാഗം 21 : ക്വാണ്ടം മെക്കാനിക്സ്ന്റെ ന്യായീകരണം

**അദ്ധ്യായം 7 : ക്വാണ്ടം ഫീൽഡ് തിയറി**

ഭാഗം 22 : എന്താണ് ക്വാണ്ടം ഫീൽഡ് തിയറി ?

ഭാഗം 23 : സ്റ്റാൻഡേർഡ് മോഡൽ കണികകൾ

**അദ്ധ്യായം 8 :** ക്വാണ്ടം **കൊസ്മോളജിയുടെ ദാർശനിക പ്രശ്നങ്ങൾ**

ഭാഗം 24 : ക്വാണ്ടം കോസ്മോളജിയുടെ ജ്ഞാനസിദ്ധാന്തം

ഭാഗം 25 : കോസ്മോളജിയുടെ പ്രധാന പ്രഹേളികകൾ

ഭാഗം 26 : ഭൌതികലോകം പ്രക്രിയവീക്ഷണത്തിൽ

ഭാഗം 27 : ആധുനിക ശാസ്ത്രത്തിലെ പ്രതിസന്ധി

**അദ്ധ്യായം 9 : സിസ്റ്റം ശാസ്ത്ര ദർശനം**

ഭാഗം 28 : സിസ്റ്റം എന്ന ദാർശനിക തത്ത്വം

ഭാഗം 29 : സിസ്റ്റം രീതിശാസ്ത്രവും മനസും

ഭാഗം 30 : സിസ്റ്റം ന്യായീകരണം

ഭാഗം 31 : പ്രപഞ്ചം എങ്ങനെ ആരംഭിച്ചു ?

ഭാഗം 32 : മറ്റു പ്രധാന സമസ്യകൾക്ക് പരിഹാരം .

**അദ്ധ്യായം 10 : ജീവനും പരിണാമവും**

ഭാഗം 33 : ജീവന്റെ സമസ്യ

ഭാഗം 34 : കോശം , ഡിഎൻഎ

ഭാഗം 35 : ആധുനിക ജീവശാസ്ത്ര സിദ്ധാന്തം

ഭാഗം 36 : ജീവന്റെ സിസ്റ്റം ഫിലോസഫി

ഭാഗം 37 : ജീവികളുടെ പരിണാമം

ഭാഗം 38 : ഡാർവിന്റെ പരിണാമ സിദ്ധാന്തം

ഭാഗം 39 : ജൈവ പരിണാമം – സിസ്റ്റം ഫിലോസഫി

## അദ്ധ്യായം 11: മനസ്സിന്റെ സിസ്റ്റം ദർശനം

ഭാഗം 40 : മനസിന്റെ സവിശേഷതകൾ

ഭാഗം 41 : ആത്മീയ മനസ് ദർശനം

ഭാഗം 42 : മനസ് -- ഭൌതിക വീക്ഷണം

ഭാഗം 43 : മനസിന്റെ സിസ്റ്റം മോഡൽ

ഭാഗം 44 മനശാസ്ത്രവും സിസ്റ്റം ദർശനവും

## അദ്ധ്യായം 12: സപ്തലോക ദർശനം

ഭാഗം 45 : നമ്മുടെ സാമൂഹ്യ ജീവിതം
ഭാഗം 46 : സപ്തലോകങ്ങൾ
ഭാഗം 47 : സാമൂഹ്യശാസ്ത്രം – ദാർശനിക പ്രശ്നങ്ങൾ

ഭാഗം 48 : കാറൽ മാർക്സ് -- വൈരുദ്ധ്യാത്മക ഭൌതികവാദം

## അദ്ധ്യായം 13 : മതവും ദൈവവും

ഭാഗം 49 : മതങ്ങൾ എന്താണ് ?

ഭാഗം 50 : മതദർശനം – ഒരു ആമുഖം

ഭാഗം 51 : തേയിസം -- ദൈവം ഉണ്ടോ എന്ന പ്രശ്നം

ഭാഗം 52 : മിസ്റ്റിസിസം -- പ്രക്രിയ മതദർശനം

ഭാഗം 53 : സിസ്റ്റം മതദർശനം -- രീതിശാസ്ത്രവും മനസ് ദർശനവും

ഭാഗം 54 : സിസ്റ്റം മതദർശനം -- ന്യായീകരണം

ഭാഗം 55 : യുക്തി , അന്തർജ്ഞാനം, വിശ്വാസം ,

## അദ്ധ്യായം 14 : ആശയവാദം

ഭാഗം 56 : ആശയവാദത്തിന്റെ ഉദയം

ഭാഗം 57 : പ്ലേറ്റോ, അരിസ്റ്റോട്ടിൽ

ഭാഗം 58 : ക്രൈസ്തവ ദൈവശാസ്ത്രം – ആരംഭം

## അദ്ധ്യായം 15 : സിസ്റ്റം ഫിലോസഫി -- യാധാർത്ഥ്യത്തെ കണ്ടെത്തൽ

ഭാഗം 59 : യാഥാർത്ഥ്യം എന്ന പ്രഹേളിക

ഭാഗം 60 : യാഥാർത്ഥ്യത്തിന്റെ സിസ്റ്റം മോഡൽ

## അദ്ധ്യായം 16 : ശാസ്ത്ര മത സംവാദം

ഭാഗം 61 : ശാസ്ത്ര-മത സമന്വയം

ഭാഗം 62 : യുക്തിവാദികൾക്ക് മറുപടി

## അദ്ധ്യായം 17 : സത്യം -- സിസ്റ്റം ദർശനം

ഭാഗം 63 : സത്യത്തിന്റെ പ്രശ്നം

ഭാഗം 64 : സത്യത്തിന്റെ സിസ്റ്റം ദർശനം

## അദ്ധ്യായം 18 : ഇരുപതാം നൂറ്റാണ്ടിലെ പാശ്ചാത്യ ഫിലോസഫി

ഭാഗം 65 : എത്തിക്സ് ദർശനം

ഭാഗം 66 : അനലിറ്റിക് ഫിലോസഫിയും മറ്റു ദർശനങ്ങളും

## അദ്ധ്യായം 19 : ഭാരതീയ ദർശനവും നിഗൂഢ വിഷയങ്ങളും

ഭാഗം 67 : ഭാരതത്തിലെ തത്ത്വ ചിന്ത

ഭാഗം 68 : നിഗൂഢ വിഷയങ്ങൾ

**അദ്ധ്യായം 20 : മൌലിക തത്ത്വങ്ങൾ**

ഭാഗം 69 : ഈ ഗ്രന്ഥത്തിലെ മൌലിക ആശയങ്ങൾ

ഭാഗം 70 : സരളമായ സംഗ്രഹം

റഫറൻസ് ഗ്രന്ഥ സൂചി

വിഷയസൂചി

# ആമുഖം

പ്രപഞ്ചത്തെയും ജീവിതത്തെയും പറ്റിയുള്ള ചില അടിസ്ഥാനപരമായ ചോദ്യങ്ങൾ പല സമയത്തും നമ്മുടെ മനസ്സിൽ ഉയർന്നു വരാറുണ്ട്. പ്രപഞ്ചത്തിന്റെ ആരംഭം എങ്ങനെയാണ് ? ഭൂമിയിൽ ജീവനും ജീവജാലങ്ങളും മനുഷ്യരും എങ്ങനെ ഉണ്ടായി ? എന്താണ് പരിണാമം ? ദൈവം ഉണ്ടോ ? ആത്മാവ് ഉണ്ടോ ? മനുഷ്യ മനസ് എങ്ങനെ സ്ഥിതി ചെയ്യുന്നു ? എന്താണ് ശാസ്ത്ര നിയമങ്ങളുടെ സ്വഭാവം ? മതവിശ്വാസങ്ങൾക്ക് സത്യമില്ലേ ? സാമൂഹ്യ വ്യവസ്ഥകളും സദാചാര നിയമങ്ങളും എപ്രകാരം രൂപപ്പെടുന്നു ? ചിന്താശീലരായ മനുഷ്യരെ അത്തരം ചോദ്യങ്ങൾ അലട്ടുന്നു . വ്യക്തമായ ഉത്തരങ്ങൾ ആർക്കുമില്ല . എവിടെയും തർക്കങ്ങൾ മാത്രം .

ഈ വക പ്രശ്നങ്ങളെപ്പറ്റി മുപ്പതു കൊല്ലത്തോളം നിരന്തരമായി പഠിക്കുകയും ചിന്തിക്കുകയും ചെയ്തതിന്റെ ഫലമായി ഞാൻ ആവിഷ്കരിച്ച പുതിയ ദർശനത്തെ സിസ്റ്റം ഫിലോസഫി എന്ന് വിളിക്കുന്നു . മുൻവർഷങ്ങളിൽ പ്രസിദ്ധീ കരിച്ച ദാർശനിക ഗ്രന്ഥങ്ങളിലെ ആശയങ്ങളെ കൂടുതൽ ലളിത മായി വിശദീകരിക്കേണ്ടത് ആവശ്യമാണെന്ന് തോന്നുന്നു . **പ്രപഞ്ച ശാസ്ത്രവും ദർശനവും** എന്ന ഈ ഗ്രന്ഥത്തിന്റെ ദൗത്യം എല്ലാവരും ചോദിക്കുന്ന ചോദ്യങ്ങൾക്ക് സിസ്റ്റം ഫിലോസ ഫിയിലൂടെ ലളിതമായും കാര്യക്ഷമമായും ഉത്തരം നൽകുകയാണ് **.**

ഈ ലോകത്തിലെ വസ്തുക്കളെയും സംഭവങ്ങളെയും പറ്റി നമുക്കുണ്ടാകുന്ന വിവിധ രീതിയിലുള്ള അനുഭവങ്ങളാണ് പലതരം അറിവുകളിലേക്ക് നയിക്കുന്നത് . അങ്ങനെ മനുഷ്യ സമൂഹം ആർജിച്ച വിജ്ഞാനത്തിന്റെ മുഖ്യ മേഖലകൾ ശാസ്ത്രം, മതം , ഫിലോസഫി എന്നിവയാണെന്നു നിസംശയം പറയാം.

വൈവിധ്യമാർന്ന ജ്ഞാനവിഷയങ്ങളെ വിശകലനം ചെയ്തു കൊണ്ട് ശാസ്ത്രവും മതവും ഫിലോസഫിയും തമ്മിലുള്ള സാമ്യവും വ്യത്യാസവും വെളിവാക്കുകയാണ് ഈ ഗ്രന്ഥത്തിന്റെ പ്രാരംഭ ലക്ഷ്യം . അടിസ്ഥാനതത്വങ്ങളിൽ നാം ശ്രദ്ധ കേന്ദ്രീക രിക്കുന്നു . അങ്ങനെ പ്രപഞ്ച സംബന്ധമായ സമഗ്ര വീക്ഷണം ലഭി ക്കുന്നതിനുള്ള പ്രക്രിയ ഒരു വിഷയ ത്രികോണം ആയി സൂചി

പ്പിക്കാം . ശാസ്ത്രം, മതം , ഫിലോസഫി എന്നീ വിഷയങ്ങളാണ് ഈ ത്രികോണത്തിന്റെ മൂലകൾ .

ഈ ഗ്രന്ഥത്തിൽ വിശദമായി പ്രതിപാദിക്കുന്ന തത്വങ്ങളുടെ ചൂണ്ടുപലകകളാണ് വിഷയ ത്രികോണം ചിത്രീകരിക്കുന്നത് . അതിലെ മൂന്നു പ്രധാന ചോദ്യങ്ങൾ :

- എന്താണ് ശാസ്ത്രവും മതവും തമ്മിലുള്ള ബന്ധം ?
- എന്താണ് ശാസ്ത്രവും ഫിലോസഫിയും തമ്മിലുള്ള ബന്ധം ?
- എന്താണ് മതവും ഫിലോസഫിയും തമ്മിലുള്ള ബന്ധം ?

ദ്രവ്യവും ഊർജവും ചേർന്നുണ്ടായ ഭൌതിക ലോകത്തെ സംബന്ധിച്ച പരീക്ഷണ നിരീക്ഷണങ്ങളും നിയമങ്ങളും ആണ് ശാസ്ത്രത്തിന്റെ പ്രതിപാദ്യ വിഷയം . ജീവൻ , മനസ് എന്നീ പ്രതിഭാസങ്ങളേയും ഭൌതികരീതിയിൽ പഠിക്കുന്നു . എന്നാൽ ദൈവിക ആരാധന , ഭക്തി, ആചാരാനുഷ്ഠാനങ്ങൾ, ആത്മീയ ചിന്ത മുതലായവ ചേർന്ന ജീവിതക്രമമാണ് മതം . അങ്ങനെ രണ്ടു വ്യത്യസ്ഥമായ സമാന്തര പാതകളിലൂടെ നീങ്ങുന്ന ചിന്താപദ്ധതികളാണ് ശാസ്ത്രവും മതവും . ആ സ്ഥിതിക്ക് അവ തമ്മിൽ മുഖാമുഖം കാണുന്നത് പ്രപഞ്ചത്തിന്റെ ആദികാരണം എന്ത് അന്വേഷിക്കുമ്പോഴാണ് .

പ്രപഞ്ചം ഉണ്ടായത് ബിഗ് ബാങ്ങിലൂടെ ആണെന്ന് ശാസ്ത്രം പറയുമ്പോൾ , പ്രപഞ്ചം ദൈവത്തിന്റെ സൃഷ്ടിയാണെന്ന് മതം പഠിപ്പിക്കുന്നു . ലോകത്തിന്റെ ആരംഭത്തെ സംബന്ധിച്ച വിപരീത നിലപാട് ഉന്നയിക്കുന്നതാണ് ശാസ്ത്രവും മതവും തമ്മിലുള്ള ബന്ധം എന്ന് എടുത്തു പറയാം .

ശാസ്ത്രത്തിന്റെ അടിസ്ഥാനപരമായ തത്വങ്ങൾ ദ്രവ്യം , ഊർജം , സ്ഥലം , കാലം എന്നിവയാണ് . ദ്രവ്യത്തിന്റെ രൂപഭേദങ്ങളാണ് നാം കാണുന്ന വസ്തുക്കൾ . പക്ഷെ ദ്രവ്യം എങ്ങനെയുണ്ടായി എന്ന ചോദ്യം കോസ്മോളജി അഥവാ പ്രപഞ്ചവിജ്ഞാനീയം എന്ന പ്രത്യേക ശാസ്ത്രവിഷയത്തിൽ പെടുന്നു . അതിനെതിരായ നിലപാട് മതങ്ങൾ നിർദ്ദേശിക്കുന്നുണ്ട്. മതവിശ്വാസമനുസരിച്ച് ദൈവം എന്ന സത്തയോ ശക്തിയോ ആണ് ആദികാരണം. അങ്ങനെ ശാസ്ത്രജ്ഞാനവും മതവിശ്വാസവും വിരുദ്ധമായ ചേരികളിലാണെന്ന് കാണാം. ഈ വിവാദം പരിഹരിക്കാൻ ശ്രമിക്കുന്നത് ഫിലോസഫിയാണ് . ശാസ്ത്ര

ത്തിന്റെയും മതത്തിന്റെയും അടിസ്ഥാനപരമായ ആശയങ്ങളെ വിലയിരുത്തുകയാണ് ഫിലോസഫിയുടെ ലക്ഷ്യം .

ശാസ്ത്രവും ഫിലോസഫിയും തമ്മിലുള്ള ബന്ധം ശക്തി പ്രാപിച്ചത് 17-19 നൂറ്റാണ്ടുകളിലെ ക്ലാസ്സിക്കൽ ശാസ്ത്രത്തിന്റെ സന്ദർഭത്തിലാണ് . ആറ്റങ്ങളുടെ രൂപത്തിലാണ് ദ്രവ്യം സ്ഥിതി ചെയ്യുന്നത് എന്ന് സങ്കല്പിച്ചു . വിവിധ ശാസ്ത്രശാഖകൾ അവ ലംബിക്കുന്ന സിദ്ധാന്തങ്ങളും പരീക്ഷണമാർഗങ്ങളും താരതമ്യം ചെയ്യുമ്പോൾ എന്താണ് പൊതുവായ ശാസ്ത്രീയ രീതി ? ശാസ്ത്രനിയമങ്ങൾ എല്ലായിടത്തും എക്കാലവും ബാധകമാണോ? ഫിസിക്സ്, ബയോ ളജി, മനശാസ്ത്രം എന്നിങ്ങനെയുള്ള വിവിധ ശാസ്ത്രവി ഷയങ്ങളെ ഏകോപിപ്പിക്കുന്നത് എങ്ങനെ ? ഈ വക പ്രശ്നങ്ങൾക്കു ഉത്തരം തേടുക എന്നത് ഫിലോസഫിയുടെ കർത്തവ്യമാണ് .

ഇരുപതാം നൂറ്റാണ്ട് ആയപ്പോൾ ആധുനിക ശാസ്ത്രത്തിന്റെ യുഗം പിറന്നു . ആറ്റത്തിനുള്ളിലെ കണികകൾ ദ്രവ്യമാണെന്നു പറയാൻ സാധിക്കില്ല എന്ന തിരിച്ചറിവ് മൂലം ശാസ്ത്രവും ഫിലോസഫിയും തമ്മിലുള്ള ബന്ധം പ്രതിസന്ധിയിലായി . ക്വാണ്ടം ഫിസിക്സ് , ജെനെടിക്സ്, ന്യൂറോസയൻസ് മുതലായ ആധുനിക ശാസ്ത്ര വിഷയങ്ങൾക്ക് അനുയോജ്യമായ ഫിലോസഫി രൂപീകരിക്കാൻ ചിന്തകർക്ക് സാധിച്ചിട്ടില്ല .

പ്രപഞ്ച രഹസ്യം വെളിവാക്കാൻ ഉതകുന്ന തത്വചിന്ത ഇതുവരെ ഉണ്ടായില്ല എന്ന് ഉറപ്പിച്ചു പറയാം . അതിനു പുറമേ ശാസ്ത്രവും മതവും തമ്മിലുള്ള വൈരുദ്ധ്യം നീക്കാൻ ഫിലോസഫിക്ക് സാധിച്ചിട്ടില്ല . നമ്മുടെ ജീവിതത്തിന്റെ വിഭിന്ന അവസ്ഥകളെയും സാമൂഹിക സ്ഥാപങ്ങളെയും മനസിലാ ക്കുന്നതിനു യോജിച്ച തത്വചിന്തയുടെ അഭാവം നിലനിൽക്കുന്നു . ഈ ദുരവസ്ഥയിൽ , കഴിഞ്ഞ നൂറു വർഷങ്ങളായി ഫിലോസ ഫിയുടെ രംഗത്ത് കരിനിഴൽ വീഴ്ത്തുന്ന ചിന്താഭാസങ്ങൾ അരങ്ങേറി . ആദികാരണത്തെപ്പറ്റി ശാസ്ത്രം (കോസ്മോളജി) വിചിത്രമായ അനുമാനങ്ങൾ മുന്നോട്ടു വയ്ക്കുന്നുണ്ട് . ഈ കാരണങ്ങൾ മൂലം ഫിലോസഫി പഠനത്തിന്റെ നിലവാരം വളരെ താണു പോയിരിക്കുന്നു . ബുദ്ധിയുള്ളവർ ഈ വിഷയത്തിൽ നിന്ന് വിട്ട് നിൽക്കുകയാണെന്ന് പറയാം .

മതവും ഫിലോസഫിയും തമ്മിലുള്ള ബന്ധം കുറേക്കൂടി ഗഹനമായ കാര്യമാണ് . ആദികാരണത്തെ (ദൈവത്തെ )

വ്യക്തിയായി സങ്കൽപ്പിക്കുകയും അനുഭവിക്കുകയും ആരാധിക്കുകയും ചെയ്യാൻ മനുഷ്യനെ സജ്ജമാക്കുകയാണ് മതത്തിന്റെ ധർമ്മം . എന്നാൽ മതവിശ്വാസത്തെ യുക്തിയുടെ മാർഗത്തിലൂടെ വിശകലനം ചെയ്യുകയാണ് ഫിലോസഫിയുടെ മാർഗം . വിവിധങ്ങളായ മതങ്ങൾ എങ്ങനെ ഉണ്ടായി ? മതങ്ങളിലെ ദൈവ സങ്കൽപ്പങ്ങൾ ശരിയാണോ ? ദൈവം ഉണ്ടോ ? മതവിശ്വാസത്തിൽ സത്യമുണ്ടോ ? ഈ വക ചോദ്യങ്ങൾക്ക് ഉത്തരം കിട്ടാൻ തക്കവണ്ണം ഫിലോസഫി വളർന്നിട്ടില്ല എന്നത് ഒരു ദുഃഖ സത്യമാണ് .

ചുരുക്കത്തിൽ , മനുഷ്യമനസ് വികസിപ്പിച്ച വ്യത്യസ്ത ങ്ങളായ വിഷയങ്ങൾ അപഗ്രഥിച്ചുകൊണ്ട് പൊതുവായ അടിസ്ഥാനതത്ത്വങ്ങൾ കണ്ടെത്തുകയാണ് ഫിലോസഫിയുടെ കർമ്മം. തത്വചിന്തയുടെ ഏകദേശം മുവായിരം വർഷങ്ങൾ നീണ്ട ചരിത്രം പരിശോധിച്ചാൽ തൃപ്തികരമായ പുരോഗതി ഈ വിഷയത്തിനുണ്ടായിട്ടില്ല എന്ന് കാണാം . നിരവധി തർക്കങ്ങളും ആശയക്കുഴപ്പങ്ങളും നിറഞ്ഞതാണ് ഫിലോസഫിയുടെ ചരിത്രം .

ഈ സാഹചര്യത്തിൽ ശാസ്ത്രം, മതം, ഫിലോസഫി എന്നീ മൂന്ന് മേഖലകളിലുള്ള പ്രശ്നങ്ങളെ പഠിച്ചശേഷം ഞാൻ ആവി ഷ്കരിച്ച പുതിയ ദർശനമാണ് **സിസ്റ്റം ഫിലോസഫി**. അതിന്റെ കാതലായ ആശയം ഇവിടെ പറയുന്നത് പ്രയോജനകരമായിരിക്കും.

അധ്വാനം (labor), മൂലധനം (capital) എന്നിവ വൈരുദ്ധ്യാത്മകമായി പ്രവർത്തിക്കുന്നതുമൂലമാണ് ഒരു ഫാക്ടറിയിൽ വിവിധതരം ഉല്പന്നങ്ങൾ ഉണ്ടാകുന്നതെന്ന് ഇക്കണോമിക്സിൽ പറയുന്നു. സിസ്റ്റത്തിന്റെ കാര്യത്തിൽ ഈ മാതൃക ഉപയോഗിക്കാം. അനലിറ്റിക്കൽ ജ്യോമിട്രിയിലെ X ആക്സിസ്, Y ആക്സിസ് എന്നിവ പോലെ വിപരീത സത്തകളെ ചിത്രീകരിക്കാൻ സാധിക്കും. X ഉം Y യും തമ്മിലുള്ള വൈരുദ്ധ്യാത്മക ബന്ധമാണ് സിസ്റ്റം എന്ന് നിർവചിക്കുന്നു. X, Y എന്നീ വിപരീതസത്തകൾ (ഇൻപുട്ടുകൾ) ചേർന്ന് നടക്കുന്ന നിർമ്മാണ പ്രക്രിയ വഴി പല ആകൃതിയിലും സങ്കീർണ്ണതയിലും ഉള്ള ഉൽപന്നങ്ങൾ രൂപം കൊള്ളുന്നു എന്ന് കാണാം . ഇത് ഒരു യുക്തിപരമായ തത്വമാണ് .

ഈ പ്രപഞ്ചത്തിന്റെ ആദികാരണം ദ്രവ്യത്തിന്റെയും ചേതനയുടെയും സിസ്റ്റം (വ്യൂഹം) ആണ്. ദ്രവ്യവും ചേതനയും വിപരീതശക്തികളാണെന്നു ഓർമ്മിക്കാം. ഈ ആദികാരണ-സിസ്റ്റത്തിന്റെ വൈരുദ്ധ്യാത്മക നിർമ്മാണ പ്രവർത്തനത്തിലൂടെ

അചേതനവസ്തുക്കളും ജീവജാലങ്ങളും ഉണ്ടായി. ലോകത്തിലുള്ള വസ്തുക്കളെല്ലാം ദ്രവ്യം-ചേതന (X- Y) സിസ്റ്റങ്ങളാണ് . അവയെ ദ്രവ്യം-ഊർജം എന്ന ഭൌതിക സിസ്റ്റങ്ങളിലേക്കു ലഘൂകരി ക്കുകയാണ് (physical reduction) ശാസ്ത്രം ചെയ്യുന്നത് .

X-Y സിസ്റ്റം മോഡൽ സാർവത്രികമായി ഉപയോഗിക്കാൻ സാധിക്കും . അങ്ങനെ , ഭൌതികലോകം , ജീവൻ , മനസ് , സാമൂഹ്യ വ്യവസ്ഥകൾ മുതലായ എല്ലാ പ്രതിഭാസങ്ങളേയും ദാർശനികമായി വിശകലനം നടത്തുന്നു . അറിവിനെ സംബന്ധിച്ച സംശയങ്ങളും തർക്കങ്ങളും അങ്ങനെ പരിഹരിക്കപ്പെടുന്നുണ്ട് . ശാസ്ത്രജ്ഞാനത്തിന്റെയും മതവിശ്വാസത്തിന്റെയും സമന്വയം യുക്തിപരമായ ചിന്തയിലൂടെ സാധിക്കുന്നത് വഴി മനുഷ്യജീവിത ത്തിന്റെ എല്ലാ ജ്ഞാനമേഖലകളെയും സമഗ്രമായി വെളിവാക്കുന്നു . ഇതാണ് സിസ്റ്റം ഫലോസഫിയുടെ രത്ന ച്ചുരുക്കം .

ഞാൻ ഫിലോസഫി പഠിക്കാനും എഴുതാനും തുടങ്ങിയതിന്റെ പശ്ചാത്തലം സൂചിപ്പിക്കുന്നത് ഇപ്പോൾ ഉചിതമാണല്ലോ . എന്റെ ബൌദ്ധിക സപര്യയുടെ നാൾവഴികളിലേക്ക് തിരിഞ്ഞു നോക്കുന്നത് അഭിമാനവും ചാരിതാർത്ഥ്യവും ജനിപ്പിക്കുന്നുണ്ട് .

ഹൈസ്കൂളിലെ എട്ടാം ക്ലാസിൽ പഠിക്കുമ്പോൾ ജ്യോമെട്രി യോടു പെട്ടെന്ന് അതിയായ താല്പര്യം ഉണ്ടായത് ഒരത്ഭുതമാണ് . അത് ഗണിതീയ ചോദ്യങ്ങൾക്ക് ഉത്തരം കാണുന്ന (problem solving) ശീലം ഉണ്ടാകാൻ കാരണമായി . 1968 –ലെ കേരള എസ്.എസ്.എൽ.സി പരീക്ഷയിൽ അൻപതാം റാങ്ക് നേടി . അക്കാലത്ത് ഉയർന്ന റാങ്കിനു ഒന്നിൽ കൂടുതൽ അവകാശികൾ ഇല്ലായിരുന്നു; മെറിറ്റ്സ്കോളർഷിപ്പും ലഭിച്ചു .

കേരള യൂണിവേഴ്സിടി യുടെ BSc Mathematics പരീക്ഷക്ക് അറുനൂറിൽ അറുനൂറു മാർക്ക് മേടിച്ചു എന്നത് പ്രസ്താവ്യമാണ് . അങ്ങനെ ബി.എസ്.സിക്ക് രണ്ടാം റാങ്കും MSc Statistics ന് ഒന്നാം റാങ്കും MPhil Statistics ന് A ഗ്രേഡും ഞാൻ കരസ്ഥമാക്കി . PhD ഗവേഷണത്തിനുള്ള സ്കോളർഷിപ്പ് കിട്ടുമായിരുന്നു . പക്ഷെ വിധി എതിരായിരുന്നു . ഞാൻ **1976** –ൽ മുംബൈയിലെ റിസർവ് ബാങ്ക് ഉദ്യോഗത്തിലേക്ക് പ്രവേശിച്ചു . ജോലിയോ ടൊപ്പം ഇക്കണോമിക്സിൽ സിദ്ധാന്തപരമായ ഗവേഷണം നടത്തണമെന്നായിരുന്നു എന്റെ ആഗ്രഹം . അതിനു വേണ്ടിയുള്ള പഠനങ്ങൾക്കായി ഒഴിവ് സമയം ചെലവഴിച്ചുവന്നു . ഇക്ക ണോമിക്സ് MA പരീക്ഷക്കായി

വായിക്കുമ്പോൾ എന്നെ പ്രത്യേകം ആകർഷിച്ച വിഷയമാണ് PRODUCTION FUNCTION MODEL .

പിന്നീട് തിരുവനന്തപുരത്തുള്ള നാബാരദ് റീജിയണൽ ഓഫീസിൽ ജോലി ചെയ്യുന്ന കാലത്ത് ഉണ്ടായ ചില പ്രത്യേക അനുഭവങ്ങൾ എന്നിൽ ദാർശനിക ചിന്ത വളർത്താൻ കാരണമായി . 1988 –ലെ ഒരു ഞായറാഴ്ച ഞാൻ ഇലെക്ട്രിസിടി ഷോക്ക് ഏറ്റു വീഴുകയും മരണം ആസന്നമായി എന്ന് നിരൂപിക്കുകയും ചെയ്ത സംഭവം ഓർത്തെടുക്കുന്നു . വീടിലുണ്ടായിരുന്ന ബന്ധു സമയോജിതമായി മെയിൻ സ്വിച്ച് ഓഫാക്കിയത് കൊണ്ട് ഞാൻ രക്ഷപ്പെട്ടു . ഈ സംഭവത്തിനു ശേഷം മരണം എന്റെ ഒരു ചിന്താവിഷയമായി മാറി . ഇതേ കാലഘട്ടത്തിൽ തന്നെ ഒരു പാതിരാത്രിയിൽ ഉണർന്നു കിടക്കുമ്പോൾ പ്രപഞ്ചം അനന്ത വിസ്തൃതി ഉള്ളതാണെന്ന ചിന്ത ഉണ്ടായി . അവസാനം ഇല്ലാതെ നീണ്ടു പരന്നു പോകുന്ന പ്രപഞ്ചത്തെപ്പറ്റി ഭാവന ചെയ്തു . അപ്പോൾ ഞാൻ അനുഭവിച്ച വിറയലും വിഭ്രമവും മനസിന്റെ നവോത്ഥാനത്തിനു കാരണമായി എന്ന് തോന്നുന്നു .

ബ്രിട്ടീഷ് കൌൺസിൽ , സിഡിഎസ്എന്നീ വലിയ ലൈബ്രറികളിൽ നിന്ന് ഗ്രന്ഥങ്ങൾ എടുത്ത് ഇക്കണോമിക്സ് പഠനം കൂടുതൽ ആഴത്തിലാക്കി . കേരള യൂണിവേഴ്സിടിയുടെ കാര്യവട്ടത്തുള്ള ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റിൽ പാർട്ട് ടൈം റിസേർച്ച് ചേരാൻ ശമിച്ചു . അതിനു വേണ്ടി കേരളത്തിലെ പരമ്പരാഗത മത്സ്യ ബന്ധന ബോട്ടുകളുടെ ഉൽപ്പാദന ക്ഷമത യെപ്പറ്റി ഒരു ഗവേഷക ലേഖനം തയാറാക്കുകയും നാഷനൽ പ്രോഡക്ടിവിടി ജേർണലിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു . അതിന്റെ അടിസ്ഥാനത്തിൽ 1993 ഫെബ്രുവരി മാസത്തിൽ പിഎച്ഡി ഗവേഷണത്തിനു സെലക്ഷൻ കിട്ടി . വിധിവൈപരീത്യം എന്നോണം ഏപ്രിൽ മാസം എനിക്ക് പൂനെ റീജിയണൽ ഓഫീസിലേക്കു ട്രാൻസ്ഫറായി പോകേണ്ടി വന്നു . കൂടാതെ ഗൈഡ് ആകസ്മികമായി മരണപ്പെടുകയും ചെയ്തു . ഈ കാരണങ്ങളാൽ ഗവേഷണം തുടങ്ങാനുള്ള അനുവാദം ലഭിച്ചില്ല .

പൂനെയിലെത്തിയ ശേഷം ഗവേഷണത്തിനുള്ള ശ്രമം തുടർന്നു . മാഹി സെന്ടറാക്കി പോണ്ടിച്ചേരി യൂണിവേഴ്സിടിയിലേക്ക് അപേക്ഷ അയച്ചെങ്കിലും ഇക്കണോമിക്സ് MA ബിരുദമില്ലാത്തത് തടസ്സമായി നിന്നു . അക്കാലത്ത് സ്വയം പഠനം ലക്ഷ്യമാക്കി ക്കൊണ്ട്

പൂനെയിലെ പുസ്തക ശാലകളിലും ബുക്ക് എക്സിബിഷ നുകളിലും കയറി ഇറങ്ങുന്നത് എന്റെ പതിവായിരുന്നു .

അങ്ങനെ ഫ്രിറ്റ് ജോഫ് കാപ്രയുടെ **The Turning Point** എന്ന പുസ്തകം ഞാൻ വാങ്ങിച്ചു. ആ ഗ്രന്ഥത്തിലാണ് SYSTEM VIEW എന്ന ആശയം ആദ്യമായി  കാണുന്നത് . കാപ്രയുടെ വിവരണ ത്തിൽ തൃപ്തനാകാതെ, എന്നിൽ ദാർശനിക ചിന്തക്ക് തുടക്കമായി. പ്രസ്തുത ഗ്രന്ഥം നൽകുന്ന സൂചനകൾ ഉപയോഗിച്ചുകൊണ്ട് , സാമൂഹ്യ വ്യവസ്ഥകളെ പറ്റി പഠിക്കാൻ ആവശ്യമായ ദർശനം വികസിപ്പിക്കണം എന്ന ആഗ്രഹം ഉയർന്നു വന്നു .

തുടർന്ന് പാശ്ചാത്യ ഫിലോസഫിയെ പറ്റിയുള്ള നിരവധി ഗ്രന്ഥങ്ങൾ വായിക്കാൻ തുടങ്ങി .. വ്യത്യസ്തമായ തത്വചിന്താ ധാരകൾ തമ്മിൽ താരതമ്യം ചെയ്യാനും ക്രമീകരിക്കാനും ഉതകുന്ന കുറിപ്പുകൾ ഉണ്ടാക്കുകയും ചെയ്തുകൊണ്ടിരുന്നു . പൊളിറ്റിക്സ്, മതം , കല, സൈക്കോളജി മുതലായ വിവിധ വിഷയങ്ങളിലേക്ക് കടന്നു ചെന്ന് എന്റെ ചിന്താ മണ്ഡലം വിപുലമാക്കി . ലേബർ, കാപിറ്റൽ എന്നീ വിപരീതങ്ങളെ ബന്ധിപ്പിക്കുന്ന PRODUCTION FUNCTION MODEL ഉപയോഗിച്ച് ദ്രവ്യം – ഊർജം , ശരീരം – മനസ് മുതലായ ദ്വൈതങ്ങളെ ചിത്രീകരിക്കാൻ സാധിക്കും എന്ന മൌലിക ചിന്ത എനിക്കുണ്ടായി . അങ്ങനെയാണ്  സിസ്റ്റം ഫിലോസഫി എന്ന തത്വം ഏകദേശ രൂപത്തിൽ ആവിർഭ വിച്ചതെന്നു ഓർമ്മിക്കുന്നു .  വർഷം 1998 ആണെന്ന് പറയാം .

പൂനെയിലെ ജീവിതകാലത്ത് കഴമ്പുള്ള ഗവേഷണം ചെയ്യണമെന്ന ലക്ഷ്യത്തോടെ  ആയിരത്തിൽ പരം ആധികാരിക ഗ്രന്ഥങ്ങൾ വിലയ്ക്ക് വാങ്ങി ശേഖരിക്കാൻ സാധിച്ചു . തത്വചിന്തയിൽ മുന്നേറുവാൻ നാബാർട് ബാങ്കിലെ ഉദ്യോഗം തടസ്സമാണെന്നു ഉറപ്പായി .  2001–ൽ നാല്പത്തിയെട്ടാം വയസ്സിൽ ഉദ്യോഗത്തിൽ  നിന്ന് VRS എടുത്തു . വീട്ടിലിരുന്ന് സ്വന്തം റഫറൻസ് ഗ്രന്ഥങ്ങൾ വായിച്ചും ചിന്തിച്ചും  ഇരുപത് വർഷങ്ങ ളായി ഗവേഷണം നടത്തിക്കൊണ്ടിരിക്കുന്നു . ഇക്കഴിഞ്ഞ രണ്ടു ദശകങ്ങളിലെ എന്റെ രചനാ സംരഭത്തിനു ഉത്തേജനം നൽകിയ പ്രത്യേക സംഭവങ്ങൾ എടുത്തു പറയെണ്ടതുണ്ട് .

- ❖ മാവേലിക്കരയിലെ വിചാര സംഘടന 2004-2005 വർഷത്തിൽ നടത്തിയ പീപിൾസ് എകണോമിക്സ് എന്ന പഠന-ചർച്ച പരിപാടിയിൽ  ഭാഗഭാക്കായി . അവസാനം Modern Science and System Philosophy  എന്ന ശീർഷകത്തിൽ

തയാറാക്കിയ ലേഖനം OMEGA ജേർണലിൽ (ജൂൺ 2005) പ്രസിദ്ധീകരിച്ചു .

- പൂനയിലെ പേപ്പൽ സെമിനാരിയുടെ കീഴിൽ ശാസ്ത്രവും മതവും എന്ന വിഷയത്തിൽ നാല് വർഷം (2005-2008) നീണ്ട ഗവേഷണ പദ്ധതിയിൽ പങ്കെടുത്തു .
- ബാംഗ്ലൂരിലെ ക്രൈസ്റ്റ് യൂണിവേർസിടിയിൽ 2009 ജനുവരി 5-9 തിയതികളിൽ നടന്ന 7th International Whitehead Conference -ൽ സിസ്റ്റം ഫിലോസഫിയെപ്പറ്റി ഒരു പ്രബന്ധം അവതരിപ്പിച്ചു .
- പൂനെയിലെ തിലക് യൂണിവേർസിടിയിൽ ഫിലോസഫി വിഷയത്തിൽ തന്നെ PhD ഗവേഷണത്തിനു ശ്രമിച്ചത് 2009 – ലാണ് . ഇന്റർവ്യൂവിനു പങ്കെടുക്കാൻ ചെന്നെങ്കിലും റെജിസ്ട്രാരുടെ പിതാവ് മരിച്ച കാരണത്താൽ തിരിച്ചു പോരേണ്ടി വന്നു . മൂന്നാമത്തെ തവണയും യൂണിവേർസിടി ഗവേഷണം വഴുതി മാറി പോയി .

കേരള , പോണ്ടിച്ചേരി , പൂന എന്നീ മൂന്നു പ്രശസ്ത യൂണിവേർസിടികളിൽ PhD ഗവേഷണത്തിനു ചേരാൻ ഗൈഡ്നെ കിട്ടുകയും അപേക്ഷ കൊടുക്കുകയും എന്നാൽ നടക്കാതെ പോവുകയും ചെയ്ത അനുഭവം അത്ഭുതകരമായി തോന്നുന്നു .

ഇതിനിടയിൽ നിരവധി സെമിനാറുകളിൽ പങ്കെടുത്തിട്ടുണ്ട് . **OMEGA** ജേർണൽ ഉൾപ്പെടെ ചില ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ ലേഖനങ്ങൾ വന്നു . എന്തെങ്കിലും എഴുതുന്നത് എന്റെ ഹരമാണെന്ന് പറയാം . സോഷ്യൽ മീഡിയയിൽ സജീവമാണ് .

ഔദ്യോഗിക രംഗത്തും മറ്റു മേഘലകളിലുമുള്ള എന്റെ ജീവിതാനുഭവങ്ങളുടെ കനലിൽ ഉരുക്കി വാർത്തെടുത്ത ശില്പ മാണ് സിസ്റ്റം ഫിലോസഫി. ഈ സമഗ്ര ദർശനത്തെപ്പറ്റി ഇതിനകം അഞ്ച് ഗ്രന്ഥങ്ങൾ തയാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട് -- **സപ്തലോക ദർശനം (2004) , ജീവനും പരിണാമവും (2015) , Origin of universe (2018), Life and Mind (2018), Discovery of Reality (2019) എന്നിവ.**

ഈ ഗ്രന്ഥത്തിന്റെ അവസാന ഭാഗത്ത് ലിസ്റ്റ് ചെയ്തിരിക്കുന്ന പ്രധാനപ്പെട്ട മൗലിക ആശയങ്ങൾ എന്റെ ഇംഗ്ലീഷ് ഗ്രന്ഥങ്ങളിൽ വിശദീകരിക്കുകയും ബന്ധപ്പെട്ട റഫറൻസ്കൾ ചേർക്കുകയും ചെയ്തിട്ടുണ്ട് . എന്നാൽ ഈ പുതിയ ദാർശനിക തത്വങ്ങൾ എളുപ്പം മനസിലാക്കാനും പ്രചരിക്കാനും ഉതകുന്ന രീതിയിൽ

പുനരാവിഷ്കരിക്കാനുള്ള ശ്രമം രണ്ടു വർഷമായി നടത്തി വരുകയായിരുന്നു . ഈ യത്നത്തിന്റെ ഫലമാണ് ഇപ്പോൾ വായനക്കാർക്ക് സമർപ്പിക്കുന്ന ഗ്രന്ഥം .

ഇക്കാലത്തെ യൂണിവേർസിടി ഗവേഷണങ്ങൾ കുറെ വസ്തുതകളുടെ വിശകലം നടത്തുന്നവ (empirical) ആണ് . അതിന്റെ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് ഒറിജിനാലിടിയുള്ള സൈദ്ധാന്തിക തത്വങ്ങൾ അവതരിപ്പിക്കാൻ സാധിക്കുകയില്ല . എന്റെ പ്രത്യേക സാഹചര്യത്തിൽ ഞാൻ കണ്ടുപിടിച്ച മൌലിക തത്വങ്ങൾ അക്കാദമിക ജെർണലുകളിൽ പ്രസിദ്ധീകരിക്കുക പ്രായോഗികമല്ലെന്ന് ഊന്നി പറയാം . ഈ പരിമിതികൾ മറിക ടക്കാൻ വേണ്ടി, മൌലിക ആശയങ്ങൾ പുസ്തകരൂപത്തിൽ വിദഗ്ദരുടെ മുമ്പിൽ എത്തിക്കാൻ ശ്രമിക്കുകയാണ് .

ഈ ഗ്രന്ഥത്തിലെ ഭാഷയെപ്പറ്റി ചില അഭിപ്ര്രയങ്ങൾ എഴുതാം . പ്രസിദ്ധമായ ദാർശനിക ഗ്രന്ഥങ്ങളിൽ കാണുന്ന വാക്ധോരണിയോ ക്ലിഷ്ടതയോ ഇതിലില്ല . economics, sociology എന്നീ വിഷയങ്ങളുടെ പാഠപുസ്തങ്ങളാണ് എനിക്ക് മാതൃക ആയത് . ശാസ്ത്രത്തിലെ സാങ്കേതിക പദങ്ങൾ ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്ക് തർജമ ചെയ്യുന്നത് പ്രായോഗികമല്ല . മിക്ക സന്ദർഭങ്ങളിലും ഇംഗ്ലീഷ് പദങ്ങൾ മലയാള ലിപിയിൽ എഴുതുന്നത് ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട് . അവിടെയൊക്കെ ഇംഗ്ലീഷ് ലിപിയിൽ തന്നെ എഴുതാമെന്ന നിലപാടാണ് നാം സ്വീകരിക്കുന്നത് . അപ്രകാരം ഇംഗ്ലീഷ് പദങ്ങൾ ധാരാളം കാണുന്ന സങ്കര ശൈലിയാണ് ഈ ഗ്രന്ഥത്തിൽ അവലംബിക്കുന്നത് . നമുക്ക് കാര്യങ്ങൾ എളുപ്പം ഗ്രഹിക്കാൻ സാധിക്കണം , അത്ര മാത്രം .

മലയാളത്തിലെ സാങ്കേതിക-വൈജ്ഞാനിക ഗ്രന്ഥങ്ങൾക്ക് വേണ്ടിയുള്ള ഒരു ഭാഷാനയം ഇതുവരെ ഉണ്ടായിട്ടില്ല . അത്തരം ഗ്രന്ഥങ്ങൾ ഇവിടെ വളരേ കുറവാകാൻ മുഖ്യ കാരണം ഇതാണ് . originality അഥവാ മൌലികത കാണിക്കുന്ന രചനകൾ മാതൃഭാഷയിലൂടെ മാത്രമേ ആവിർഭവിക്കൂ. കേരളത്തിൽ ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ പെരുകിയെങ്കിലും വിദ്യാഭ്യാസ നിലവാരം താണ് പോകുന്നതായി നിരീക്ഷിക്കാൻ കഴിയും . ഇംഗ്ലീഷ് പദങ്ങൾ പറ്റുന്ന പോലെ തർജമ ചെയ്യുക, അല്ലാത്തിടത്ത് ഇംഗ്ലീഷ് ലിപിയിൽ തന്നെ കൊടുക്കുക – ഇത്തരത്തിലുള്ള ദ്വിഭാഷി (bilingual ) സംസ്കാരം വളർത്തി എടുത്താൽ മാത്രമേ മലയാളത്തിൽ വിജ്ഞാന ഗ്രന്ഥങ്ങൾ സമൃദ്ധമായി രചിക്ക പ്പെടുകയുള്ള്.

ശാസ്ത്രത്തിന്റെ അടിസ്ഥാന തലമായ ക്വാണ്ടം ഫിസിക്സിന്റെ ദർശനം ഒറിജിനലായി ആവിഷ്കരിക്കുകയാണ് ഈ ഗ്രന്ഥത്തിന്റെ പ്രാഥമിക ദൌത്യം . പക്ഷെ ശാസ്ത്ര-മത വിഷയങ്ങളിൽ വിദഗ്ദ്ധരായവർ ഫിലോസഫി വേണ്ടവിധം പഠിച്ചിട്ടില്ല എന്ന പ്രശ്നമുണ്ട് . നമ്മുടെ വിദ്യാഭ്യാസ സംവിധാനത്തിൽ പ്രായോഗിക വിഷയങ്ങൾ ബഹുദൂരം മുന്നേറിയപ്പോൾ തത്വചിന്ത ഏറെ പിന്തള്ളപ്പെട്ടു . ലോജിക്കലായി ചിന്തിക്കാനും വിശകലനം ചെയ്യാനുമുള്ള കഴിവ് പൊതുജനങ്ങളിലും വിദഗ്ദ്ധരിലും അപൂർവമായി മാത്രമേ കാണുന്നുള്ളൂ . ഈ ദുരവസ്ഥ മാറേണ്ടതുണ്ട് . അതിനു വേണ്ടി നാം ഫിലോസഫി മേഖലയിലെ കാടും പടലവും വെട്ടിത്തെളിച്ച് പുതിയ പാത ഒരുക്കുന്നു . സിസ്റ്റം ഫിലോസഫി എന്ന നൂതനമായ തത്വചിന്താ മാർഗം വായനക്കാർ സ്വാഗതം ചെയ്യുമെന്നു ഉറപ്പുണ്ട് .

ഈ ഗ്രന്ഥരചനയും പ്രസിദ്ധീകരണവും സാധ്യമാക്കുന്നതിൽ പലവിധത്തിലുള്ള സഹായം നൽകിയ നല്ല വ്യക്തികളോട് നന്ദിയും ആദരവും പ്രകാശിപ്പിക്കുകയാണ് .

ശാസ്ത്രവും മതവും ഫിലോസഫിയും സമന്വയിപ്പിക്കുന്ന ഈ പുസ്തകം എല്ലാ തലങ്ങളിലുമുള്ള സഹൃദയർക്കു പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു .

04-04-2022 **ജോർജ് ലുക്ക്**